**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 872** **10-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മഹാമാരിയും ടൂറിസവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ എത്രത്തോളം ബാധിച്ചുവെന്നും ഇതിലൂടെ പ്രസ്തുത മേഖലയിൽ എത്ര കോടി രൂപയുടെ നഷ്ടമാണ് സംഭവിച്ചതെന്നും അറിയിക്കുമോ; ഈ പ്രത്യേക സാഹചര്യത്തിൽ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് മഹാമാരി സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖലയെ ദോഷകരമായി ബാധിച്ചു തുടങ്ങിയ ഫെബ്രുവരി 2020 മുതൽ വിദേശ വിനോദ സഞ്ചാരികളുടെ വരവിലും മാർച്ച് 2020 മുതൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിലും നെഗറ്റീവ് വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2020 കലണ്ടർ വർഷം വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ -71.36 % വളർച്ചാനിരക്കും ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ - 72.86 % വളർച്ചാനിരക്കുമാണ്രേഖപ്പെടുത്തിയിരിക്കുന്നത്. ആകെ വിനോദ സഞ്ചാരികളുടെ വരവിൽ -72.77% വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2019 ലെ വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2020 ൽ 33674.73 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത വരുമാന നഷ്ടത്തിന് ആനുപാതികമായ തൊഴിൽ നഷ്ടവും ടൂറിസം മേഖലയിൽ ഉണ്ടായിട്ടുണ്ട്. |
| (ബി) | ഇതിൽ നിന്നും കരകയറുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്നും ആയത് പ്രകാരം ടൂറിസ്റ്റുകളുടെ വരവിൽ ഗണ്യമായ വർദ്ധനവ് വരുത്താൻ എന്ന് മുതൽ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | കോവിഡ് മഹാമാരി സൃഷ്ടിച്ച ആഘാതത്തിൽ നിന്നും കരകയറുന്നതിനായും ഇത് സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കൂടുതൽ ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് ഉതകുന്ന രീതിയിൽ വിവിധ പ്രചാരണ പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. ഇതിന്റെ ഭാഗമായി സമൂഹമാധ്യമങ്ങളിലൂടെയും അച്ചടി മാധ്യമങ്ങളിലൂടെയും വിവിധയിനം പ്രചരണ പരിപാടികൾ ആവിഷ്കരിച്ചു വരുന്നു. |
| (സി) | മെഡിക്കൽ ടൂറിസത്തിന് സാധ്യതയുള്ള സംസ്ഥാനത്ത് മെഡിക്കൽ ടൂറിസം | (സി) | കോവിഡാനന്തര സാഹചര്യത്തിൽ മെഡിക്കൽ ടൂറിസത്തിന്റെ സാധ്യതകൾ പരിഗണിച്ച് ഈ |

| | | | |
|---|---|---|---|
| | വികസനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | | രംഗത്തുള്ള വിദഗ്ധരുമായി ആലോചിച്ച് പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിക്കും. |
| (ഡി) | ഹെറിറ്റേജ് ടൂറിസവും ബിനാലെയും ഉൾപ്പെടെ പ്രധാനപ്പെട്ട സംരംഭങ്ങൾ നടക്കുന്ന കൊച്ചിയുടെ ടൂറിസം വികസനത്തിനായി ഇതര വകുപ്പുകളുമായി ചേർന്ന് നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) | കൊച്ചിയുടെ ടൂറിസം വികസനത്തിന് ഇതര വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ